LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. നിർമ്മാണത്തിലിരിക്കുന്ന 17 നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണം.

2. നിലവിലുള്ള ആറ് ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ.

3. നിലവിലുള്ള 43 ജല ശുദ്ധീകരണശാലകളുടെ പുനരുദ്ധാരണം

4. പാറശ്ശാലയ്ക്കും സമീപ പ്രദേശങ്ങൾക്കും മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

5. കുമരകം തിരുവാർപ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.

കൂടാതെ നടപ്പുസാമ്പത്തിക വർഷം താഴെപ്പറയുന്ന അഞ്ച് പദ്ധതികൾക്ക് സാർക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട് :

1. മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

2. തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ.

3. ബേലൂരിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി,

4. മണലൂർ-കാരമുക്ക് പദ്ധതി,

5. കൊണ്ടോട്ടി-നെടിയിരുപ്പ് വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി

(ബി) ആകെ 516.4214 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(സി&ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തണ്ണീർത്തടങ്ങളുടെ സംരക്ഷണം

120 (1848) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശേഷിക്കുന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെകാലത്ത് വ്യവസായ വികസനത്തിന്റെ പേരിൽ നിരവധി തണ്ണീർത്തടങ്ങൾ നികത്തിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിയൽ എസ്റ്റേറ്റ് മാഫിയകൾ ഇക്കാലയളവിൽ തണ്ണീർത്തടങ്ങൾ നികത്തി ഫ്ളാറ്റുകൾ പണിത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന തണ്ണീർത്തട നിയന്ത്രണ ചട്ടങ്ങൾ സംസ്ഥാനം അപകടഭീഷണിയുള്ള ഏതെങ്കിലും തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ പ്രയോഗത്തിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ച് 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം നിലവിലുണ്ട്. പുറമെ, തണ്ണീർത്തടങ്ങളുടെ മെച്ചപ്പെട്ട മാനേജ്മെന്റും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ നദികളും നദീതീരങ്ങളും തടാകങ്ങളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി റിവർ & വെറ്റ്ലാന്റ് അതോറിറ്റി ബോർഡ് രൂപീകരിക്കുന്നതിലേക്ക് Kerala Irrigation & Water Conservation Act 2003 (31 of 2003) ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ സർക്കാർ തയ്യാറാക്കി വരുന്നു.

(ബി&സി) ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റുവകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഇല്ല.

അണുവിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിന് പദ്ധതി

121 (1849) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അണുവിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിനായി എന്തൊക്കെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡ് എത്ര കോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ;

(ഇ) ഇതുവരെ പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തികഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly